**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 4167**
**13.12.2018- ലെ മറുപടിക്ക്**

**സർക്കാർ ജീവനക്കാരുടെ അവധി യാത്രാനുകൂല്യം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.ആർ.സുനിൽ കുമാർ എം.എൽ.എ | | ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | സർക്കാർ ജീവനക്കാർക്ക് അവധി യാത്രാനുകൂല്യ പ്രകാരം (എൽ.ടി.സി) യാത്ര ചെയ്യാവുന്ന പരമാവധി ദൂരം എത്രയാണ്; | സർക്കാർ ജീവനക്കാർക്ക് അവധി യാത്രാനുകൂല്യ പ്രകാരം (എൽ.ടി.സി) യാത്ര ചെയ്യാവുന്ന പരമാവധി ദൂരം 6500 കി.മീ ആയി നിജപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ദൂരത്തെ കരമാർഗ്ഗമുള്ള സഞ്ചാര ദൂരമായി മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ടോ ; | എൽ.ടി.സി പ്രകാരം യാത്ര ചെയ്യുന്നതിനുള്ള ദൂരത്തെ കരമാർഗ്ഗമുള്ള സഞ്ചാര ദൂരം മാത്രമായി പരിമിതപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | യാത്രാ ചട്ടങ്ങൾ പ്രകാരം വിമാനയാത്രയ്ക്ക് അർഹനായ ഒരുദ്യോഗസ്ഥൻ വിമാന മാർഗ്ഗം യാത്ര നടത്തിയാൽ ആകാശ ദൂരം (Air distance) അടിസ്ഥാനമാക്കി പരമാവധി ദൂരം കണക്കാക്കുമോ; | 02.01.2013 ലെ സ.ഉ(പി) നമ്പർ.5/2013/ധന ഉത്തരവ് അനുസരിച്ച് ഹോം ടൗണിൽ നിന്നും പ്രഖ്യാപിത ലക്ഷ്യസ്ഥാനത്തേയ്ക്കുള്ള യാത്രയ്ക്കാണ് അവധിയാത്രാ ആനുകൂല്യത്തിന്റെ ഭാഗമായി അനുവദിച്ച് നൽകുന്നത്. കെ.എസ്.ആർ ഭാഗം II ലെ യാത്രാചട്ടങ്ങൾ പ്രകാരം, എൽ.ടി.സി ഉൾപ്പെടെയുള്ള യാത്രകൾക്ക് വിമാന മാർഗ്ഗം യാത്ര നടത്തിയാൽ ആകാശ ദൂരം (Air distance) അടിസ്ഥാനമാക്കി പരമാവധി ദൂരം കണക്കാക്കുന്നത് സംബന്ധിച്ച് നിബന്ധനകൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. |

Ranjit

**അക്കൗണ്ട്സ് ഓഫീസർ**